പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3977 15.12.2014-ൽ മറുപടിക്ക്

## മലപ്പുറം കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് - നിർമ്മാണ പുരോഗതി

ചോദ്യം

ശ്രീ. പി. ഉബൈദുള്ള :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലപ്പുറം കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | നിർമ്മാണം ആരംഭിച്ചിട്ടില്ല. ബി.ഒ.റ്റി അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹിക്കാൻ ചുമതലപ്പെടുത്തിയിരുന്ന കെ.റ്റി.ഡി.എഫ്.സി പ്രസ്തുത നിർമ്മാണ ചുമതലയിൽ നിന്നും തങ്ങളെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 18.11.2014-ൽ നടന്ന ഉന്നതതല യോഗ തീരുമാന പ്രകാരം മലപ്പുറം ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ ചുമതല കെ.റ്റി.ഡി.എഫ്.സിയെ ഒഴിവാക്കി കെ.എസ്. ആർ.ടി.സി.ക്ക് നൽകുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും അനുസരിച്ച് ഇനിയും ഏതെങ്കിലും വകുപ്പുകളിൽ നിന്ന് എൻ.ഒ.സി. യും അംഗീകാരവും ലഭിക്കേണ്ടതുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | നഗരസഭയുടെ കെട്ടിടനിർമ്മാണ അനുമതിയും, അഗ്നി സുരക്ഷാ വകുപ്പിന്റെ അനുമതിയും ലഭിച്ചിട്ടുണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും വർക്ക് സൈറ്റിലെ മണ്ണു നീക്കം ചെയ്യുന്നതിനുള്ള അനുമതി ലഭിക്കേണ്ടതുണ്ട്. |
| (സി) | നിർമ്മാണച്ചുമതല കെ.എസ്.ആർ. ടി.സി നേരിട്ട് തന്നെ ഏറ്റെടുക്കുന്നുണ്ടോ; | (സി) | മലപ്പുറം ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ ചുമതല കെ.എസ്.ആർ.ടി.സി.ക്ക് നൽകുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എന്നത്തേക്ക് പണി ആരംഭിക്കാൻ | (ഡി) യും | കെ.റ്റി.ഡി.എഫ്.സി.യുടെ നിർവ്വഹണ ചുമതലയിൽ തയ്യാറാക്കിയ പ്ലാനും, |

| | | | |
|---|---|---|---|
| | സാധിക്കുമെന്ന് വെളിപ്പെടുത്തു മോ; | (ഇ) യും | ഡിസൈനും, കെ.എസ്.ആർ.ടി.സി, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ചീഫ് എഞ്ചിനീയർ (സിവിൽ) എന്നിവർ സംയുക്തമായി പരിശോധിക്കുന്നതിനും ഇതിന്റെ സ്വീകാര്യത സംബന്ധിച്ചുള്ള തീരുമാനം സർക്കാരിൽ അറിയിക്കുവാനും ടി പ്രൊജക്ടിനായി സർക്കാർ പുറപ്പെടുവിച്ച ഭരണാനുമതി റിവൈസ് ചെയ്യുന്നതിനുള്ള പ്രപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതി നും ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.യ്ക്ക് നിർദ്ദേശം നൽകി യിട്ടുണ്ട്. ആയത് ലഭ്യമാക്കി തുടർ നടപടി സ്വീകരിച്ച് നിർമ്മാണ പ്രവർത്തികൾ ആരംഭി ക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | യു.ഡി.എഫ് സർക്കാരിന്റെ 100 ദിന പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കാൻ നിശ്ചയിച്ചിരുന്ന ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം അനന്ത മായി നീളുന്നതിലുള്ള പ്രയാസ ങ്ങൾ ദൂരീകരിക്കുന്നതിനും നിർ മ്മാണം എത്രയും വേഗം ആരംഭി ക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ